## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2215**      **17/02/2016-ൽ മറുപടിക്ക്**

### ടീകോം കമ്പനിയും സർക്കാരും തമ്മിലുള്ള കരാർ

**ചോദ്യം**

**ശ്രീ. എളമരം കരീം**

**മറുപടി**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്കായി ടീകോം കമ്പനിയും സർക്കാരും തമ്മിലുള്ള കരാർ പ്രകാരം നിർമ്മിക്കേണ്ട ഐ.ടി. കെട്ടിടങ്ങളുടെ വിസ്തീർണ്ണം എത്രയാണ്; | (എ) (ബി) (സി) (ഡി) & (ഇ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13/05/2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച.അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000 തൊഴില വസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. അതിൽ ആദ്യ ഘട്ടത്തിലെ 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണമാണ് പൂർത്തിയായിട്ടുള്ളത്. ഈ കെട്ടിടത്തിൽ പാട്ടത്തിന് നൽകാൻ യോഗ്യമായ 4.5 ലക്ഷം ച.അടി. വിസ്തീർണ്ണത്തിന്റെ 70%-ഓളം വിവിധ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനോദ്ഘാടനം 2016 ഫെബ്രുവരി 20-ന് നടത്തുന്നതാണ്. കൂടാതെ, 45 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. സ്പേസ് ഉൾക്കൊള്ളുന്ന രണ്ടാം ഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനവും ഇതോടൊപ്പം നടത്തുന്നതാണ്. ആദ്യ ഐ.ടി. കെട്ടിടത്തിൽ ഏകദേശം 5000-ൽപരം ഐടി ജീവനക്കാർക്ക് നേരിട്ട് ജോലി ലഭിക്കും. നേരിട്ട് ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിൽ അധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങൾ ലഭ്യമാകുന്നതാണ്. ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ ലംഘിച്ചതായി ഇതേവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കരാർ അനുസരിച്ച് ഈ കെട്ടിടങ്ങൾ എന്നത്തേക്ക് പൂർത്തിയാവണം; ഇതുവരെ നിർമ്മാണം പൂർത്തിയായത് എത്ര വിസ്തീർണ്ണമുള്ള കെട്ടിടമാണ്; | | |
| (സി) | കരാർ നിർമ്മാണം നടക്കാതിരുന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ്; | | |
| (ഡി) | എഗ്രിമെന്റനുസരിച്ച് ടീകോം കമ്പനി, സ്മാർട്ട് സിറ്റിയിൽ നേരിട്ടും പരോക്ഷമായും തൊഴിൽ നൽകേണ്ടിയിരുന്നത് എത്ര പേർക്ക് വീതമാണ്; | | |
| (ഇ) | ടീംകോം കമ്പനി കരാർ ലംഘനം നടത്തിയിട്ടുണ്ടെങ്കിൽ, എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ